# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

07/03/2018-ലെ മറുപടി

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : T1696*

## ജലഗതാഗതത്തിന് പ്രാധാന്യം നൽകി നടപ്പാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. സി. ജോർജ്ജ്** | **പിണറായി വിജയൻ ( മുഖ്യമന്ത്രി )** |
| (എ) സംസ്ഥാനത്തെ വിവിധ റോഡുകളിൽ വാഹനങ്ങളുടെ വർദ്ധനവ് മൂലം ഗതാഗതം വളരെ തടസ്സമായി വന്നിട്ടുള്ളതിനാൽ ജലഗതാഗതത്തിന് പ്രാധാന്യം നൽകി വിവിധ സ്ഥലങ്ങളിൽ ഇത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർകോട് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി.മീ. നീളം വരുന്ന വെസ്റ്റ്കോസ്റ്റ് കനാലിന്റെ ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കുവാനുള്ള ഊർജിത ശ്രമങ്ങൾ നടന്നുവരുന്നു. പശ്ചിമതീരത്തെ 10 ജില്ലകളിൽ കൂടി കടന്നുപോകുന്ന പ്രസ്തുത പാതയും മറ്റു ലിങ്ക് കനാലുകളും നവീകരിച്ച് ഉപയോഗപ്രദമാക്കുന്നത് വഴി റോഡ് വഴിയുള്ള ഗതാഗതം കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന പബ്ലിക്ക് ലിമിറ്റഡ് കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ സംസ്ഥാനത്ത് എത്ര ജലപാതകളാണ് ഉള്ളത് ; ജില്ല തിരിച്ച് വിശദാംശങ്ങൾ വിവരിയ്ക്കുമോ ; | (ബി) | വെസ്റ്റ്കോസ്റ്റ് കനാലിന്റെ കോവളം മുതൽ കൊല്ലം വരെയും, കോഴിക്കോട് മുതൽ നീലേശ്വരം വരെയും ഉള്ള ഭാഗങ്ങൾ സംസ്ഥാന ജലപാതയാണ്. കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ഭാഗം ദേശീയജലപാത (NW-3) യാണ്. എറണാകുളം ജില്ലയിലെ ചമ്പക്കര കനാൽ, ഉദ്യോഗമണ്ഡൽ കനാൽ എന്നിവയും ദേശീയജലപാത (NW-3) യാണ്. ആലപ്പുഴ - കോട്ടയം ജില്ലകളിലെ ആലപ്പുഴ - ചങ്ങനാശ്ശേരി കനാൽ (NW-8), ആലപ്പുഴ - കോട്ടയം - ആതിരമ്പുഴ കനാൽ (NW-9), കോട്ടയം ജില്ലയിലെ കോട്ടയം - വൈക്കം കനാൽ (NW-59) എന്നിവ ദേശീയജലപാതയായി പ്രഖ്യാപിക്കപ്പെട്ടവയാണ്.തിരുവനന്തപുരം ജില്ലയിലെ പൂവ്വാർ മുതൽ തമിഴ്നാട്ടിലെ ഇരയിമ്മൻതുറ വരെയുള്ള എ.വി.എം. കനാൽ (NW-13) ദേശീയജലപാതയാണ്. |
| (സി) | പുതിയ ഏതൊക്കെ ജലപാതകൾ തുടങ്ങുവാനാണ് പദ്ധതിയിട്ടിരിക്കുന്നത് ; വിശദമാക്കാമോ ? | (സി) | നിലവിലുള്ള പാതകൾ ദേശീയ നിലവാരത്തിൽ പണി പൂർത്തിയാക്കുന്നതോടൊപ്പം ലിങ്ക് കനാലുകളും ഫീഡർ കനാലുകളും ഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. ചരക്കു ഗതാഗതത്തിനും ടൂറിസത്തിനും പ്രയോജനം ലഭിക്കുന്ന ഫീഡർ കനാലുകളും, ലിങ്ക് കനാലുകളും കണ്ടെത്തുന്നതിന് പഠനം നടത്തുകയും മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്ത് വികസിപ്പിക്കുകയും ചെയ്യുന്നതിന് നടപടികളെടുത്തുവരുന്നു. |

**സെക്ഷൻ ഓഫീസർ**